**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 322** **11.06.2013-ൽ മറുപടിയ്ക്ക്**

# ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

**ചോദ്യം**

ശ്രീ. ജെയിംസ് മാത്യു :

2012-13 വർഷത്തെ ബഡ്ജറ്റിൽ ഊർജ്ജ വകുപ്പിൽ നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിൽ, നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയെന്ന് വിശദമാക്കുമോ ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

2012-13 വർഷത്തെ ബഡ്ജറ്റിൽ അടുത്ത 5 വർഷം കൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിച്ച ഊർജ്ജോല്പാദന വർദ്ധനയ്ക്കായി പ്രഖ്യാപിച്ച പദ്ധതികൾ താഴെ പറയുന്നവയാണ്.

1. ഒറീസയിലെ ബൈതരണിയിൽ നിന്നുള്ള കൽക്കരി ഉപയോഗപ്പെടുത്തി- 1050 MW.
2. ചീമേനിയിൽ LNG പദ്ധതി - 1200 MW.
3. പെട്രോനെറ്റ് LNG പദ്ധതി - 1200 MW
4. കായംകുളം വൈദ്യുത പദ്ധതി - 1150 MW

കൂടാതെ 53 MW ശേഷിയുള്ള 5 ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതികളെല്ലാം നടപ്പിലാക്കുന്നത് വിവിധ ഘട്ടങ്ങളിലായാണ്. ഇതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായി 200 MW പദ്ധതിക്ക് NTPC സർക്കാരുമായി 18.07.2011 ൽ ഒരു ധാരണാപത്രം ഒപ്പു വച്ചു. ഇതിൽ 20 MW പദ്ധതി ഇടുക്കിയിലെ രാമക്കൽമേട്ടിൽ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ പാലക്കാട്, കഞ്ചിക്കോട് 22 MWന്റെ കാറ്റിൽ നിന്നുള്ള വൈദ്യുത പദ്ധതി സ്വകാര്യ സംരംഭകരായ Inox-ന്റെ നേതൃത്വത്തിൽ പുരോഗമിച്ചു വരുന്നു.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ലഭ്യത

വർദ്ധിപ്പിക്കുന്ന ലക്ഷ്യം മുൻനിർത്തി 50MW കറയാതെയുള്ള പദ്ധതികൾക്കായി താല്പര്യപത്രം ക്ഷണിക്കുകയും, അതിൽ നിന്നും സൗരോർജ്ജം ഉപയോഗിച്ച് ഊർജ്ജോല്പാദനം നടത്തുവാൻ തയ്യാറായ സംരംഭകന് Letter of Intent നൽകുകയും ചെയ്തിട്ടുണ്ട്.

2012-13 വർഷത്തെ ബഡ്ജറ്റിൽ ഊർജ്ജ വകുപ്പിൽ നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ കൂടാതെ ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പദ്ധതികൾക്ക് 18.75 കോടി രൂപ 2012-13 ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. പദ്ധതിയുടെ ടെണ്ടർ ഡോക്യുമെന്റിന് ലോകബാങ്കിന്റെ അനുമതി ലഭിക്കാത്തതുകൊണ്ട് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ സാധിക്കാത്തതിനാൽ പദ്ധതിക്ക് അനുവദിച്ച തുക ചെലവഴിക്കാൻ സാധിച്ചില്ല. എന്നാൽ ഉദ്യോഗസ്ഥരുടെ പരിശീലനവുമായി ബന്ധപ്പെട്ട് 4.84 ലക്ഷം രൂപ ലോകബാങ്കിൽ നിന്നും റീ ഇംബേഴ്സ് ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.